(സി) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തിനുമാത്രമാണ് റേഷൻ ഭക്ഷ്യധാന്യം ലഭിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും റേഷൻ വിഹിതം നൽകാനാണ് ഉദ്ദേശിക്കുന്നത്. വെൽഫെയർ, അന്നപൂർണ്ണ എന്നിവയ്ക്കായി പ്രത്യേക അലോട്ട്മെന്റ് നൽകുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 1472688 മെ.ടൺ ഭക്ഷ്യധാന്യമാണ് നൽകുന്നതെങ്കിലും കഴിഞ്ഞ മൂന്ന് കൊല്ലത്തെ ശരാശരി ആയ 16.20 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) താലൂക്ക് തലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന അർഹതയുള്ള എല്ലാവരേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലെ പിഴവുകൾ

16 (*106) ശ്രീ. എം. എ. ബേബി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ പിഴവുകൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കാമോ ;

(ബി) മൂല്യനിർണ്ണയം സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുടെ അഭിപ്രായം പരിഗണിച്ചിരുന്നുവോ ;

(സി) എസ്.എസ്.എൽ.സി. ഫലം തയ്യാറാക്കുന്നതിന് മുൻപരിചയമില്ലാത്തവരും യോഗ്യരല്ലാത്തവരുമായ ഉദ്യോഗസ്ഥരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരുന്നോ ; വിശദാംശം നൽകാമോ ;

(ഡി) പ്രസ്തുത പിഴവുകൾ സംബന്ധിച്ച ഡി.പി.ഐ.യുടെ വിശദീകരണം ലഭ്യമാക്കുമോ ;

(ഇ) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയം മുതൽ ഫലപ്രഖ്യാപനം വരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്) :

(എ) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും അപ്‌ലോഡ് ചെയ്ത മാർക്കുകൾ സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിക്കാതിരുന്നതും ചില സ്കൂളുകളിൽ നിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) 24-2-2015-ൽ എസ്.സി.ഇ.ആർ.ടി.-യിൽ എല്ലാ അദ്ധ്യാപക സംഘടനകളുടേയും യോഗം വിളിച്ച് ചേർത്തിരുന്നു. അവരുടെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ടാണ് എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയത്.

(സി) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയ ക്യാമ്പുകളിൽ മാർക്കുകൾ ഡബിൾ എൻട്രി നടത്തുന്നതിനായി ക്യാമ്പ് ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ കൂടിയാലോചിച്ച് താൽക്കാലികാടിസ്ഥാനത്തിൽ ആകെ 54 ക്യാമ്പുകളിലായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി 331 പേരെയും 54 സ്റ്റോർ സൂപ്പർവൈസർമാരെയും നിയമിച്ചിരുന്നു. ഇവരിൽ 2013-14 വർഷം ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരേയും മതിയായ ആളുകളെ ലഭിക്കാതിരുന്ന ചില ക്യാമ്പുകളിൽ ഈ വിഷയത്തിൽ മുൻപരിചയമില്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി. ഫല പ്രഖ്യാപനവുമായി നടന്ന പ്രവർത്തനങ്ങളിൽ പ്രവർത്തിച്ച എല്ലാ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും മുൻപരിചയമുള്ളവരായിരുന്നു.

(ഡി) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും അപ്‌ലോഡ് ചെയ്ത മാർക്കുകൾ സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിക്കാതിരുന്നതും ചില സ്കൂളുകളിൽനിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ ഫലപ്രഖ്യാപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെ തകരാറുകൊണ്ടും ഡാറ്റാ എൻട്രി കൃത്യമായി നടക്കാത്തതുകൊണ്ടുമാണ് അപ്രകാരം സംഭവിച്ചത്. പിഴവുകൾ പരിഹരിച്ചു നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സമഗ്രാന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡോ. അച്യുത് ശങ്കർ എസ്. നായർ ഡയറക്ടർ, സെന്റർ ഫോർ ബയോ ഇൻഫർമാറ്റിക്സ്, യൂണിവേഴ്സിറ്റി ഓഫ് കേരള, ശ്രീ. ജോൺസ് വി. ജോൺ പരീക്ഷാഭവൻ മുൻ സെക്രട്ടറി, ഡോ. കെ മുഹമ്മദ് വൈ. സഫറുള്ള, ഡയറക്ടർ, ഐ.ടി. മിഷൻ എന്നിവർ അംഗങ്ങളായി പൊതുവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം സംബന്ധിച്ച മുഴുവൻ കാര്യങ്ങളും അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 21-5-2015- ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) 1927/15/പൊ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ കൂടി കണക്കിലെടുത്ത് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കായൽ കയ്യേറ്റം

17 (*107) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളപ്പിറവിക്കുശേഷമുണ്ടായിട്ടുള്ള കായൽ കയ്യേറ്റങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കായൽ, തോട് എന്നിവ നികത്തി കയ്യേറ്റം നടത്തി കൈവശപ്പെടുത്തുന്ന ഭൂമിക്ക് തണ്ടപ്പേർ നമ്പർ തരപ്പെടുത്തിക്കൊടുത്ത് കൈമാറ്റ സൗകര്യം നല്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കേരളപ്പിറവിക്കുശേഷം കായലോരങ്ങളിൽ, കരഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധന കണ്ടെത്താൻ, നിഷ്പക്ഷരായ ഉദ്യോഗസ്ഥരുടെ സംഘത്തെ നിയോഗിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കേരളപ്പിറവിക്കുശേഷം സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെപ്പറ്റി പ്രത്യേക പഠനം നടത്തി ഇക്കാര്യത്തിലുള്ള പൂർണ്ണമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വെള്ളൈനട്ടി കായൽ